ജി (1) 23491/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 12.06.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 28/2014

വിഷയം : സഹകരണവകുപ്പ് – മഴവെള്ള സംഭരണ പദ്ധതി – സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന: ''മിഷൻ 676'' ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി.

.......................

ദേശഭേദമന്യേ ജലദൗർലഭ്യം രൂക്ഷമായിക്കൊണ്ടിരിക്കുകയും ശുദ്ധജല ക്ഷാമം വരുന്ന നൂറ്റാണ്ടിനെ ബാധിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമായി കണ്ടുകൊണ്ട് ലോകവ്യാപകമായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്ന ഈ സന്ദർഭത്തിൽ, സംസ്ഥാനത്തിലെ മഴ ലഭ്യതയും അതിന്റെ സംഭരണത്തിലെ പോരായ്മകളും കണക്കിലെടുത്ത് മഴവെള്ള സംഭരണത്തിന് ഏറെ പ്രാധാന്യം നൽകികൊണ്ടുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ജല ഉപയോഗത്തിലെ ധാരാളിത്തവും, ജലവിഭവ പരിപാലനത്തിലെ കാര്യക്ഷമതക്കുറവും, ജലമാലിന്യവും കേരളത്തിന്റെ ജലസ്ഥിതിയെ വഷളാക്കിയിട്ടുണ്ട്.

സാമൂഹിക വിഷയങ്ങളിന്മേൽ പ്രതിജ്ഞാബദ്ധരായ സംസ്ഥാനത്തെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനമായ സഹകരണ മേഖലയ്ക്ക് ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത്, ജലം അമൂല്യമാണെന്നും അത് പാഴാക്കരുതെന്നും സംഭരിച്ച് സൂക്ഷിക്കേണ്ടതാണെന്നുമുള്ള സന്ദേശം ഉൾക്കൊണ്ട് ഈ സംരംഭത്തിൽ വലിയൊരു പങ്ക് വഹിക്കാൻ കഴിയുമെന്ന് മനസ്സിലാക്കികൊണ്ടാണ് ബഹു. സഹകരണ വകുപ്പ് മന്ത്രി സംസ്ഥാന നിയമസഭയിൽ 2013 ലെ സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ, സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ മഴവെള്ള സംഭരണ പദ്ധതി ഉൾപ്പെടുത്തിയത്. അതോടൊപ്പം 'മിഷൻ 676' പദ്ധതിയിലുൾപ്പെടുത്തി സഹകരണ വകുപ്പ് സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനും, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ തീരുമാനി

ച്ചിട്ടുണ്ട്. ഈ പദ്ധതി വിജയപ്രദമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊള്ളുന്നു.

1) സംസ്ഥാനത്ത് സ്വന്തമായി സ്ഥലമുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും അതാത് സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സംഘങ്ങൾ പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളോട് അനുബന്ധിച്ചും മഴവെള്ള സംഭരണികൾ കൂടെ സ്ഥാപിക്കേണ്ടതാണ്.

3) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളും പ്രയോജനവും കെട്ടിട ഉടമയുമായി ചർച്ച ചെയ്ത് വിലയിരുത്തി പ്രായോഗികവും ഗുണപരവുമാണെന്ന് കാണുന്നപക്ഷം അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ഭവന നിർമ്മാണത്തിനായി വായ്പ നൽകുന്ന എല്ലാ സംഘങ്ങളും, വായ്പക്കാരൻ നിർമ്മിക്കുന്ന കെട്ടിടത്തോടനുബന്ധിച്ച് മഴവെള്ള സംഭരണി സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കേണ്ടതും, തുകയുടെ വിനിയോഗം പരിശോധിക്കുന്ന വേളയിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

5) മഴവെള്ള സംഭരണത്തിന്റെ ആവശ്യകതയും, മഴവെള്ളം ഭൂമിയിലേക്ക് ഇറങ്ങി ഭൂഗർഭ ജല നിരപ്പ് ഉയർന്നാലെ സംസ്ഥാനം അഭിമിഖീകരിക്കുന്ന ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്നും, തന്മൂലം ലഭ്യമാകുന്ന പ്രയോജനങ്ങളും മനസ്സിലാക്കികൊടുക്കുന്ന തരത്തിലുള്ള ലഘുലേഖകൾ സംഘം തലത്തിൽ തയ്യാറാക്കി അതാതു പ്രദേശത്തെ പൊതുജനങ്ങൾ, സംഘങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എല്ലാ സംഘങ്ങളും സ്വീകരിക്കാൻ താൽപര്യപ്പെടുന്നു. അതോടൊപ്പം സംഘം ആസ്ഥാനത്തും ശാഖകളിലും ഇതു സംബന്ധിച്ച് പോസ്റ്ററുകളും ലഘുലേഖകളും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

6) താലൂക്ക് ജില്ലാ തലത്തിൽ സഹകരണ സംഘങ്ങളുടെ പ്രതിനിധി യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യേണ്ടതും, ഇക്കാര്യത്തിൽ താലൂക്ക് തലങ്ങളിൽ സർക്കിൾ സഹകരണ സംഘം ചെയർമാൻമാരുടെ നേതൃത്വത്തിൽ, സഹകരികൾ, ഉദ്യോഗസ്ഥർ, സംഘം ഭാരവാഹികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന സമിതികൾ രൂപീകരിച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകേണ്ടതും, അത്തരം കമ്മിറ്റികൾ ജില്ലാതലത്തിൽ ജില്ലാ

ബാങ്ക് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സഹകാരികളെയും, ഉദ്യോഗസ്ഥർ/ജീവനക്കാർ തുടങ്ങി ഇതുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ജില്ലാതല സമിതികൾ രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ സംഘങ്ങൾക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും ജില്ലാതലത്തിലുള്ള പുരോഗതി സംബന്ധിച്ച് ഓരോ മാസത്തെയും റിപ്പോർട്ടുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് കൃത്യമായി സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) എല്ലാ അപെക്സ് സ്ഥാപനങ്ങൾക്കും.
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
5) എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6) രജിസ്ട്രാറുടെ മേശപ്പുറത്ത്.
7) ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും.
8) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
9) വെബ്സൈറ്റ്.
10) സർക്കുലർ ബുക്ക്.
11) സ്റ്റോക്ക് ഫയൽ / സ്പെയർ.